**പതിമൂന്നാം കേരള നിയമസഭ**

**<u>പതിനാലാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4739**

**23.07.2015 - ൽ മറുപടിക്ക്.**

**ഡിഫൻസ് പാർക്ക്**

ചോദ്യം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എൻ. ജയരാജ്

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഡിഫൻസ് പാർക്ക് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ ; | (എ) : ഉണ്ട്. ഇന്ത്യയിലെ ആദ്യ ഡിഫൻസ് പാർക്ക് ഒറ്റപ്പാലത്ത് കിൻഫ്രയുടെ കൈവശമുള്ള 60 ഏക്കർ ഭൂമിയിലാണ് സ്ഥാപിക്കുന്നത്. പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭകരെ ആകർഷിച്ച് നിക്ഷേപം കണ്ടെത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ഡിഫൻസ് പാർക്കിൽ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) : പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ ഇലക്ട്രോണിക്ക് ഉൽപന്നങ്ങൾ, വാർത്താവിനിമയ ഉത്പന്നങ്ങൾ, പ്രത്യേക തുണിത്തരങ്ങൾ, കര/ നാവിക/വ്യോമസേന വിഭാഗങ്ങൾക്കുള്ള വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ധന സമാഹരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ; | (സി) : ഇത് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കിൻഫ്രയും ചേർന്നുള്ള പദ്ധതിയാണ്. കേന്ദ്ര സഹായം 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. |

✓

സെക്ഷൻ ഓഫീസർ.